സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

**dtekerala@gmail.com**

**04712561307**

നടപടിക്രമം

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം ശ്രീ. രഘു. ഇ കെ- മെക്കാനിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ , സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, തൃശ്ശൂർ - സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനം - അച്ചടക്ക നടപടികൾക്ക് വിധേയമായ വേലവിലക്ക് പിൻവലിച്ചു സേവനത്തിൽ പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

എസ്റ്റാബ്ലിഷമെന്റ് ബി വിഭാഗം

**DTETVM/3070/2025-EB4 (EB)** **24-10-2025**

---

വായന :-

1. ഈ കാര്യാലയത്തിൽ നിന്നുള്ള **04-04-2025** -ലെ ഇതേ നമ്പർ ഉത്തരവ്.
2. **04-10-2025** തീയതിയിലെ ഈ കാര്യാലയത്തിലെ ഹിയറിങ് കമ്മിറ്റി നോട്ട്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം തൃശ്ശൂർ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് മെക്കാനിക്കൽ വിഭാഗം വർക്ഷോപ് ഇൻസ്ട്രക്ടർ ശ്രീ. രഘു. ഇ കെ, ടി സ്ഥാപനത്തിലെ ഒരു വിഭാഗം വിദ്യാർത്ഥിനികൾ നല്കിയ പരാതിയും, ടി സ്ഥാപനത്തിലെ **Internal Complaint Committee** യുടെ **25-03-2025** തീയതിയിലെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലും, **1960** ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കൽ, നിയന്ത്രണം & അപ്പീൽ) ചട്ടങ്ങൾ ഭാഗം **IV** ചട്ടം **10** പ്രകാരം വകുപ്പുതല അന്വേഷണ നടപടികൾക്ക് വിധേയമായി സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മെക്കാനിക്കൽ വിഭാഗം വർക്ഷോപ്പ് ഇൻസ്ട്രക്ടറായ ശ്രീ. രഘു. ഇ. കെ യുടെ സസ്പെൻഷൻ കാലയളവ് **6** മാസം പൂർത്തീകരിച്ച് സാഹചര്യത്തിൽ ആയത് ഈ ഉത്തരവ് തീയതി വരെ ദീർഘിപ്പിച്ചുകൊണ്ടും മെക്കാനിക്കൽ വിഭാഗം വർക്ഷോപ്പ് ഇൻസ്ട്രക്ടറായ ശ്രീ. രഘു. ഇ. കെ -യെ, അച്ചടക്ക നടപടികൾ നിലനിർത്തിക്കൊണ്ട് മൊഗ്രാൽപുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ഒഴിവുള്ള വർക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ വേലവിലക്ക് പിൻവലിച്ച് സേവനത്തിൽ പുനർ നിയമനം നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. രഘു. ഇ കെ-നെതിരെ **1960** -ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കൽ, നിയന്ത്രണം & അപ്പീൽ) ചട്ടങ്ങൾ ഭാഗം **IV** ചട്ടം **15** പ്രകാരമുള്ള അച്ചടക്ക നടപടികൾ തുടരുന്നതായിരിക്കും.

**ANI ABRAHAM**

**SENIOR JOINT DIRECTOR (PS)**

Signed by Ani Abraham
Date: 24-10-2025 17:11:58

സ്വീകർത്താവ്

1) പ്രിൻസിപ്പാൾ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, നെടുപുഴ, തൃശൂർ.
2) ശ്രീ. രഘു. ഇ കെ, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (സ്ഥാപന മേധാവി മുഖേന).
3) സൂപ്രണ്ട് , സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രാൽപുത്തൂർ, കാസർഗോഡ്.